# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1536** — **12.06.2019 ൽ മറുപടിയ്ക്ക്**

**നാളികേര കൃഷിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി**

| **ചോദ്യം** | ഉത്തരം |
|---|---|
| **ശ്രീ. ഡി.കെ. മുരളി**<br>**ശ്രീ. എൻ. വിജയൻ പിള്ള**<br>**ശ്രീ. പുരുഷൻ കടലുണ്ടി**<br>**ശ്രീ. കെ. ആൻസലൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

| | |
|---|---|
| എ) സംസ്ഥാനത്ത് നാളികേര കൃഷിയുടെ പ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള ബൃഹദ് പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | എ) തെങ്ങിൻതോട്ടങ്ങളിൽ മെച്ചപ്പെട്ട കൃഷി പരിപാലനം, ഇടവിള കൃഷി, സമ്മിശ്ര കൃഷി, എന്നിവ നടത്തി ആദായം പരമാവധി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാളികേര വികസന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും മെച്ചപ്പെട്ട പരിപാലന രീതികൾ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കൃത്യമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സംസ്ഥാനത്ത് നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.<br>തേങ്ങയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗ നിയന്ത്രണം സംയോജിത വളപ്രയോഗം, ഇടവിളകൃഷി പ്രോൽസാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോൽസാഹനം, ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുക, എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായി തെങ്ങ് കൃഷിയുള്ള പ്രദേശത്ത് കേരഗ്രാമം എന്ന പദ്ധതി നടപ്പിലാക്കുന്നു.<br>ഉൽപാദന ക്ഷമതയില്ലാത്തതും പ്രായം ചെന്നതും രോഗം ബാധിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി കരിക്കിനും കൊപ്രയ്ക്കും അനുയോജ്യമായ കുറിയ ഇനവും പൊക്കം കുറഞ്ഞ ഇനം തൈകളും ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും ഉയർന്ന ഉൽപാദനക്ഷമതയുള്ള / കുറിയ ഇനങ്ങളുടെ മാതൃകാ |

ഫാമുകൾ 0.20 ഹെക്ടർ എങ്കിലും വിസ്തൃതിയുള്ളത് സ്ഥാപിക്കുന്നതിനും പദ്ധതിയിൽ ലക്ഷ്യമിടുന്നുണ്ട്.

നാളികേര വികസനത്തിന് പദ്ധതിയധിഷ്ഠിത സഹായത്തിനായി 100.00 ലക്ഷം രൂപ നടപ്പുവർഷം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന് പ്രോജക്ട് അധിഷ്ഠിത സഹായമായി 50.00 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

നാളികേര വികസനത്തിനായി സംയോജിത കീടരോഗ നിയന്ത്രണ പരിപാടികൾ പ്രോജക്ട് രീതിയിൽ ഏറ്റെടുത്ത് പ്രധാനപ്പെട്ട കീടങ്ങളെയും രോഗങ്ങളെയും നിയന്ത്രിക്കുന്നതിന് ക്യാമ്പയിൻ അടിസ്ഥാനത്തിൽ പരിപാടികൾ നടപ്പിലാക്കുന്നു. ഇതിനായി 250 ലക്ഷം രൂപ ബജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്.

നാളികേര മിഷന്റെ ഭാഗമായി സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി 1900.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2019-20 വർഷം കേരഗ്രാമമായി തെരഞ്ഞെടുത്ത 300 പഞ്ചായത്തുകളിലും കേരഗ്രാമങ്ങൾ ഇല്ലാത്ത നിയോജക മണ്ഡലങ്ങളിലെ തെരഞ്ഞെടുത്ത 200 പഞ്ചായത്തുകളിലും ഉൾപ്പെടെ 500 പഞ്ചായത്തുകളിൽ തെങ്ങിൻതൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രായം ചെന്നതും ഉല്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/ കുറിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻതോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വെച്ചുപിടിപ്പിക്കുക, വിത്തുതൈകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക, എന്നിവയാണ് പുനരുജ്ജീവന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ.

| | | | |
|---|---|---|---|
| ബി) | തെങ്ങുകൃഷിയുടെ വിസ്തൃതിയിലും ഉത്പാദനത്തിലും ഇന്ത്യയിൽ കേരളം ഒന്നാമതാണെങ്കിലും ഉത്പാദനക്ഷമതയിൽ നാലാമതാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| സി) | എങ്കിൽ ഉത്പാദനക്ഷമത കുറയുവാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി നല്ലയിനം തെങ്ങിൻ തൈകൾ നടുന്നതിനും നഴ്സറികളിൽ ഗുണനിലവാരമുള്ള തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | ഡി) | ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും ഉത്പാദനശേഷി നശിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റുന്നതിന് സംസ്ഥാന പദ്ധതിയായ കേരഗ്രാമം മുഖേന തെങ്ങൊന്നിന് 1000 രൂപ സഹായം കർഷകർക്ക് ലഭ്യമാണ്. ഗുണമേൻമയുള്ള തെങ്ങിൻതൈകൾ നടുന്നതിന് 60 രൂപ തൈ ഒന്നിന് എന്ന നിരക്കിൽ പരമാവധി 7 തൈകൾ ഒരു ഹെക്ടറിൽ നടുന്നതിന് ആനുകൂല്യം നൽകുന്നുണ്ട്. നാളികേരമിഷന്റെ ഭാഗമായി 'കേരകേരളം സമൃദ്ധകേരളം' എന്ന നവീന പദ്ധതിയിലൂടെ സംസ്ഥാനത്തെ നാളികേരകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി പുതിയ തൈകൾ നട്ടും നിലവിലുള്ളവ പരിപാലിച്ചും കേരള കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടത്തിൽ 2019-2020 വർഷം കേരഗ്രാമങ്ങൾ ആയി തിരഞ്ഞെടുത്ത 300 പഞ്ചായത്തുകളും അല്ലാതെയുള്ള 200 പഞ്ചായത്തുകളും ഉൾപ്പെടെ 500 പഞ്ചായത്തുകളിൽ വാർഡൊന്നിന് 75 തൈകൾ വീതം നടുന്നതിനായി കർഷകർക്ക് വിതരണം ചെയ്യുന്നതാണ്. |

Mayap

**സെക്ഷൻ ഓഫീസർ**